# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം : 315 — 11-06-2013-ൽ മറുപടിക്ക്

## വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>" ജി . എസ്. ജയലാൽ<br>" ഇ. കെ. വിജയൻ<br>ശ്രീമതി ഇ. എസ് . ബിജിമോൾ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി.) . | |
| (എ) | വൈദ്യുതി ചാർജ്ജിനത്തിൽ 2013 മാർച്ച് 31 വരെ വൈദ്യുതി ബോർഡിന് പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; ഇതിൽസ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള തുക എത്ര; | (എ) | 2013 മാർച്ച് 31 വരെ വൈദ്യുത ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക 1383 കോടി രൂപയാണ്. ഇതിൽ സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞു കിട്ടാനുള്ള തുക പലിശ കൂടാതെ 601.23 കോടി രൂപയാണ്. |
| (ബി) | കോടതികളിൽകേസ് നില വിലുള്ളതിനാൽകുടിശ്ശിക തുക പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ടോ; എങ്കിൽ അത് എത്രയെന്ന് വ്യക്തമാക്കുമോ ; | (ബി) | ഉണ്ട്. ഹൈക്കോടതിയിലും സുപ്രീംകോടതിയിലും കേസുകൾ നിലവിലുള്ളതിനാൽ യഥാക്രമം 200 കോടി രൂപയും 20 കോടി രൂപയും (ആകെ 220 കോടി രൂപ) പിരിച്ചെടുക്കാൻ കഴിയാത്ത അവസ്ഥയുണ്ട് |
| (സി) | വൻകിട സ്വകാര്യ കമ്പനികളുടെ വൈദ്യുതി കുടിശ്ശിക എത്രയാണ്; പ്രസ്തുത തുക പിരിച്ചെടുക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (സി) | വൻകിട സ്വകാര്യ കമ്പനികളുടെ കുടിശ്ശിക പലിശ കൂടാതെ 260.25 കോടി രൂപയാണ്. ഇതിൽ 157.89 കോടി വിവിധ കേസുകളിൽ ഉൾപ്പെട്ട് കോടതികളിലാണ്. ഇത് 31.03.2013 ലെ കണക്കനുസരിച്ചുള്ള തുകയാണ്.<br>കുടിശ്ശികപിരിച്ചെടുക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | സർക്കാർ സ്ഥാപനങ്ങളുടെയും പൊതുമേഖലാ സ്ഥാപനങ്ങളുടെയും കുടിശ്ശിക ഈ കാലയളവിൽ എത്രയാണെന്ന് വ്യക്തമാക്കുമോ ; | (ഡി) | 31.03.2013 വരെയുള്ള കണക്കനുസരിച്ച് സംസ്ഥാന സർക്കാർ സ്ഥാപനങ്ങളുടെ കുടിശ്ശിക പലിശ ഒഴികെ 105.33 കോടി രൂപയാണ്. സംസ്ഥാന പൊതുമേഖലാ |

സ്ഥാപനങ്ങളിൽ നിന്നും സഹകരണ സ്ഥാപനങ്ങളിൽ നിന്നും പിരിഞ്ഞുകിട്ടാനുള്ള കുടിശ്ശിക പലിശ ഒഴികെ 621.02 കോടി രൂപയാണ്.

കേന്ദ്ര സർക്കാർ സ്ഥാപനങ്ങളുടെയും കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുടെയും കുടിശ്ശിക യഥാക്രമം (പലിശ ഒഴികെ) 0.59 കോടി രൂപയും 25.89 കോടിയുമാണ്.

(ഇ) ഭീമമായ വൈദ്യുതി കുടിശ്ശിക പിരിച്ചെടുത്ത് ഗാർഹിക ഉപഭോക്താക്കളെ ചാർജ്ജ് വർദ്ധനവിൽ നിന്ന് ഒഴിവാക്കു ന്നതിന് ഉദ്ദേശിക്കു ന്നുണ്ടോ; എങ്കിൽ അതിനുള്ള എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ ?

(ഇ) വൈദ്യുത ചാർജ്ജ് കുടിശ്ശികയും ചാർജ്ജ് വർദ്ധനയുമായി ബന്ധമില്ല. ഒരു ഉപഭോക്താവിന് ഇൻവോയിസ് നൽകിയാലുടൻ ടി ഡിമാന്റ് ബോർഡിന്റെ വരുമാനമായാണ് കണക്കാക്ക പ്പെടുന്നത്. ബോർഡിന്റെ "റവന്യൂ ഗ്യാപ്" കണക്കാക്കിയാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ വൈദ്യുത ചാർജ്ജ് വർദ്ധന നിർണ്ണയിക്കുന്നത്. 'കുടിശ്ശിക' വരുമാനത്തിൽ കണക്കാക്കപ്പെടുന്നതു മൂലം 'റവന്യൂ ഗ്യാപിൽ' പ്രതിഫലിക്കുന്നുമില്ല. കുടിശ്ശിക പിരിച്ചെടുക്കാൻ ക്രിയാത്മകമായ നടപടികൾ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നു. വൈദ്യുത ചാർജ്ജ് വർദ്ധിപ്പിക്കാനുള്ള അധികാരം സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷനിൽ മാത്രം നിക്ഷിപ്തമാണ്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

കുടിശ്ശിക പിരിച്ചെടുക്കുന്നതിന് വൈദ്യുതി ബോർഡ് സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു

01. യഥാസമയം വൈദ്യുതി ചാർജ്ജ് അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി ബന്ധം വീഴ്ച കൂടാതെ വിച്ഛേദിക്കുക

02. കുടിശ്ശിക ഒടുക്കുന്നതിന് തവണ വ്യവസ്ഥ അനുവദിക്കുക

03. ആറു മാസ കാലത്തിലേറെയായി വിച്ഛേദിച്ചു കിടക്കുന്ന വൈദ്യുതി കണക്ഷൻ ഊരിമാറ്റി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കുക

04. പൊതു സ്വകാര്യ വിഭാഗങ്ങളിലായി പൂട്ടിക്കിടക്കുന്ന വ്യവസായ ശാലകൾ പുനരുദ്ധരിക്കാൻ എന്നിവ ഒരു തീയതി നിശ്ചയിച്ചു മുമ്പേ തുറന്നു പ്രവർത്തിക്കുകയാണെങ്കിൽ സ്ഥാപനം പൂട്ടിക്കിടന്ന കാലയളവിലെ ഫിക്സഡ് ചാർജ്ജ് / ഡിമാന്റ് ചാർജ്ജ് എന്നിവ ഒഴിവാക്കി നൽകി ബോർഡിനു ലഭിക്കേണ്ട കുടിശ്ശിക പിരിച്ചെടുക്കുക

05. മൂന്നു വർഷത്തിലേറെ കാലമായുള്ള കുടിശ്ശിക തീർപ്പാക്കുന്നതിന് 'ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി' ആവിഷ്കരിച്ച് നടപ്പിലാക്കും. ഈ പദ്ധതി പ്രകാരം കുടിശ്ശികയിലെ മുതൽ ഒറ്റത്തവണയിൽ ഒടുക്കുകയും പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനം തുറന്നു പ്രവർത്തിക്കുകയോ കുടിശ്ശിക തവണകൾ ആയി തീർപ്പാക്കുകയാണെങ്കിലോ പലിശ 3% ആയി കുറവു ചെയ്തു നൽകുന്നതാണ്. മറ്റ് ഉപഭോക്താക്കൾക്ക് പലിശ 5% ആയിരിക്കും. ഇളവുകൾ "മുതൽ" ഒറ്റത്തവണയായി ഒടുക്കുന്നവർക്കു മാത്രമായി ചുരുക്കി-യിട്ടുണ്ട്.

"മൂന്ന്" തവണകളായി ഒടുക്കുകയും കുടിശ്ശിക
വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കുകയോ -
കുടിശ്ശിക തുകകൾ ഒന്നിച്ചായി തീർപ്പാക്കുകയോ ചെയ്യുന്ന
ഉപഭോക്താക്കൾക്ക് പലിശ 6% ആയി നിജപ്പെടുത്തിയിട്ടുണ്ട്.
മൂന്ന് തവണകളായി ഒടുക്കുന്ന മറ്റ് ഉപഭോക്താക്കൾക്ക്
പലിശ 9% ആയിരിക്കും.

06. കുടിശ്ശിക സംബന്ധിച്ച് കോടതികളിൽ കെട്ടിക്കിടക്കുന്ന -
വ്യവഹാരങ്ങൾ ഒഴിവാക്കാനുള്ള ക്രിയാത്മക നടപടികൾ
സ്വീകരിക്കുക

(ഒപ്പ്)
സെക്ഷൻ ഓഫീസർ